**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1282** **15-10-2026-ൽ മറുപടിയ്ക്ക്**

**കൊച്ചി നിയോജകമണ്ഡലത്തിലെ തീരദേശ - നഗര പട്ടയ വിതരണവും തുരുത്തി നഗറിലെ ഭൂമി ഏറ്റെടുക്കൽ നടപടികളും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കൊച്ചി നിയോജകമണ്ഡലത്തിലെ സാന്തോം നഗർ, ബീച്ച് റോഡ് മിനി നഗർ, രാമേശ്വരം നഗർ, പനയപ്പള്ളി നഗർ, ചക്കമാടം നഗർ, മുണ്ടംവേലി സൗദി സ്കൂൾ പരിസരം എന്നീ നഗര പ്രദേശങ്ങളിലും ചെല്ലാനം പഞ്ചായത്തിലെ കാട്ടിപ്പറമ്പ്, കണ്ണമാലി, കളത്തറ, ചെല്ലാനം, കണ്ടക്കടവ് എന്നീ തീരദേശ മേഖലകളിലും പട്ടയം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മുൻപ് അറിയിച്ചിരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി റവന്യൂ വകുപ്പ് പ്രത്യേക പരിശോധനയോ സർവേയോ നടത്തിയിട്ടുണ്ടോ; തുടർനടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

**മറുപടി:** കൊച്ചി നിയോജക മണ്ഡലത്തിലെ രാമേശ്വരം വില്ലേജിലെ സർവ്വേ 744 ലെ തോട് പുറമ്പോക്കിൽ സാന്തോം കോളനി നിവാസികളായ 92 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ടി വസ്തു തോട് പുറമ്പോക്കായതിനാൽ ടി താമസക്കാർക്ക് ഭൂമി പതിച്ചുനൽകാൻ സാധിച്ചിട്ടില്ല. പതിവ് നടപടികൾ സ്വീകരിക്കുന്നതിന് നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനും ടി വസ്തു റവന്യൂ വകുപ്പിലേക്ക് പുനഃനിക്ഷിപ്തമാക്കുന്നതിന് നിരാക്ഷേപപത്രം ലഭ്യമാക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതിനും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് കൊച്ചി തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്.

രാമേശ്വരം വില്ലേജിൽ സൗദി ബീച്ച് റോഡിന് പടിഞ്ഞാറുവശം സർവ്വേ 94/14 ൽ താമസിക്കുന്ന 8 കുടുംബങ്ങൾ "പുറമ്പോക്ക് കടപ്പുറം" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി പതിച്ചുകിട്ടുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി പ്രസ്തുത ഭൂമിയോട് ചേർന്നുള്ള കടൽഭാഗത്തെ "ഹൈ ടൈഡ് ലൈൻ" നിർണ്ണയം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ഹൈഡ്രോഗ്രാഫിക് സർവെ വിങ്ങ്, ചീഫ് ഹൈഡ്രോഗ്രാഫർക്ക് കത്ത് നൽകിയിട്ടുണ്ട്.

മട്ടാഞ്ചേരി വില്ലേജിൽ ചക്കമാടം നഗറിലെ അപേക്ഷകരായ ഹഫ്സ, വിൻസെന്റ്, സുലൈമാൻ എന്നിവരുടെ അപേക്ഷ വസ്തു BTR പ്രകാരം "ജ്രത ശ്മശാനം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ തുടർനടപടികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ട്.

കൊച്ചി താലൂക്ക് പരിധിയിലുള്ള വിവിധ കോളനികളിലെ പട്ടയ അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനായി താലൂക്ക് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നതാണ്. എന്നാൽ രാമേശ്വരം

വില്ലേജ് മാറമ്പള്ളി, നടക്കാവ് ആലപ്പാട്ട്, ചിറക്കൽ, പള്ളിച്ചാൽ, വ്യാസപുരം, വല്യമേൽ, പ്രതീക്ഷ നഗർ, മുണ്ടമ്പള്ളി (ഇടക്കൊച്ചി), ശാസ്താം കോളനി, പാട്ടത്തിപ്പറമ്പ് (പള്ളുരുത്തി), പൊഴിച്ചിറ (ചെല്ലാനം), പാലിയത് (മട്ടാഞ്ചേരി) മുതലായ കോളനികളിലെ പട്ടയ അപേക്ഷ വസ്തുക്കൾ തോട്, പുഴ, ചാല്, റോഡ് പുറമ്പോക്ക്, ഗ്രൗണ്ട് റെന്റ് ഭൂമി എന്നിവയാകയാൽ സമയബന്ധിതമായി പട്ടയനടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

**(ബി)** തുരുത്തി നഗറിലെ ഭൂമി The Kerala Escheats and Forfeitures Act, 1964 Section 11 പ്രകാരം ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റുന്നതിന് കൊച്ചി തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടിൻമേൽ എറണാകുളം ജില്ലാ കളക്ടർ നടത്തിവരുന്ന പരിശോധനയും തുടർനടപടികളും നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** തുരുത്തി നഗറിലെ അപേക്ഷ ഭൂമി The Kerala Escheats and Forfeitures Act 1964 Section 11 പ്രകാരം ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി BTR, TP പകർപ്പ് സഹിതം തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും, അപേക്ഷകർക്ക് ലാൻഡ് ട്രിബ്യൂണൽ മുഖാന്തിരം പട്ടയം അനുവദിക്കാവുന്നതാണോ എന്ന് കൂടി പരിശോധിക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർ, ലാൻഡ് ട്രിബ്യൂണലിന് നിർദ്ദേശം നൽകിയിട്ടുള്ളതും ലാൻഡ് ട്രിബ്യൂണൽ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് ടി സർവേ നമ്പറിൽപ്പെട്ട 20 അപേക്ഷകർക്ക് കൊച്ചി തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ കക്ഷികൾ ആരും തന്നെ പട്ടയത്തിനായുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടില്ല.

**(സി)** തുരുത്തി നഗറിൽ കോർപ്പറേഷനും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (ജി.സി.ഡി.എ)യും വീടുകൾ നിർമ്മിച്ചുനൽകിയ ഗുണഭോക്താക്കൾക്ക് ഭൂമിയുടെ തണ്ടപ്പേരും ബേസിക് ടാക്സ് രജിസ്റ്ററും മാറ്റി നൽകുന്നതിനും അവർക്ക് അടിയന്തരമായി കൈവശരേഖയും പട്ടയവും അനുവദിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള കൃത്യമായ സമയപരിധി വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അപേക്ഷ വസ്തു സർക്കാർ പുറമ്പോക്ക് ഭൂമിയല്ലാത്തതിനാൽ ഭൂമി പതിവ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. കാലങ്ങളായി കരമൊടുവില്ലാത്ത ഭൂമിയായതിനാൽ The Kerala Escheats and Forfeitures Act 1964 പ്രകാരം ഭൂമി ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റിയതിനു ശേഷമോ ലാൻഡ് ട്രൈബ്യൂണൽ തഹസിൽദാർ മുഖാന്തിരമോ മാത്രമേ ഭൂമി പതിവ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇതിന് കൃത്യമായ സമയപരിധി നിർണ്ണയിക്കാൻ സാധിക്കാത്തതാണ്.

**(ഡി)** സംസ്ഥാനവ്യാപകമായി പട്ടയമേളകൾ സംഘടിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്ന് മുൻപ് മറുപടി നൽകിയിരുന്ന സാഹചര്യത്തിൽ കൊച്ചി മണ്ഡലത്തിലെയും തീരദേശമേഖലകളിലെയും ദീർഘകാലമായി കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകൾ പ്രത്യേകമായി പരിഹരിക്കുന്നതിന് ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ്, കൊച്ചി താലൂക്ക് ഓഫീസ് എന്നിവ കേന്ദ്രീകരിച്ച് ഈ വർഷം തന്നെ പ്രത്യേക പട്ടയമേള നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പട്ടയമേളകൾ സംഘടിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**